# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2201 — 17.06.2014-ൽ മറുപടിക്ക്

## ചാലക്കുടി ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് തീറാധാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി ; | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 30 വർഷങ്ങൾക്ക് മുമ്പ് ഹൗസിംഗ് ബോർഡിനു കീഴിൽ ചാലക്കുടി ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് തീറാധാരം ഇനിയും നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എൽ.എ.ആർ കേസ്സുകൾ തീർന്ന സാഹചര്യത്തിൽ തീറാധാരങ്ങൾ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഇനിയും നിലനില്ക്കുന്നുണ്ടോ ;<br><br>(സി) തടസ്സങ്ങൾ നീക്കി തീറാധാരം എന്നേക്ക് നൽകുവാൻ സാധിക്കും എന്നറിയിക്കാമോ ? | (ബി & സി) ചാലക്കുടി ഭവന പദ്ധതിയിൽ നിലവിലിരുന്ന എൽ.എ.ആർ കേസുകൾക്ക് കോടതി വിധിയനുസരിച്ചുള്ള തുക ബോർഡ് നൽകിയിട്ടുണ്ടെങ്കിലും സ്പെഷ്യൽ തഹസിൽദാർ, ഗവ. പ്ലീഡർ മുഖേന ഡിക്രി സാറ്റിസ്ഫാക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ അന്തിമവില കണക്കാക്കാൻ കഴിഞ്ഞിരുന്നില്ല. തുടർ നടപടികൾ സ്വീകരിച്ചെങ്കിലും ഡിക്രി സാറ്റിസ്ഫാക്ഷൻ സർട്ടിഫിക്കറ്റ് ഇതുവരെയും ലഭിച്ചിട്ടില്ല. എന്നാൽ അലോട്ടികളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി എൽ.എ.ആർ, ആർബിട്രേഷൻ എന്നിവ നിമിത്തം അന്തിമവില കണക്കുകൾ തയ്യാറാക്കാൻ സാധിക്കാത്ത |

കേസുകളിൽ അതതു പദ്ധതികളുടെ കണക്കുകൾ പരിശോധിച്ച് ബോർഡിന് നാളിതുവരെ ചെലവായതും ഭാവിയിൽ വരാവുന്നതുമായ ചെലവുകൾ കണക്കാക്കി പുനർനിർണ്ണയം ചെയ്യുകയും അതിന്റെ 30% സെക്യൂരിറ്റി തുകയും ഓരോ അലോട്ടികളിൽ നിന്നും ഈടാക്കി സമ്പൂർണ്ണ വിലയാധാരം നൽകുവാൻ ബോർഡ് തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ടി സ്കീമിൽ മൊത്തം 58 പ്ലോട്ടുകളും 66 വീടുകളും ഉള്ളതിൽ 50 പ്ലോട്ടുകളുടേയും 37 വീടുകളുടേയും (പ്ലോട്ട് വിത് ബിൽഡിംഗ്) വിലയാധാരം അലോട്ടികൾക്ക് ഇതുവരെ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 37 പേർക്കും മേൽപ്പറഞ്ഞ രീതിയിൽ വിലയാധാരം നൽകുന്നതിൽ തടസ്സമില്ല. 30% അധിക തുക അടയ്ക്കാത്തതിനാലാണ് ഇവർക്ക് വിലയാധാരം നൽകുവാൻ കഴിയാത്തത്.

സെക്ഷൻ ഓഫീസർ